**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3900** **03-03-2023 - ൽ മറുപടിയ്ക്ക്**

**പൊഴിയൂർ പോലീസ് സ്റ്റേഷൻ പരിധിയിലെ അനധികൃത നിർമ്മാണപ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം. എം. മണി | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | ഹൈക്കോടതിയുടെ നിർമ്മാണ നിരോധന ഉത്തരവും കാരോട് പഞ്ചായത്തിന്റെ സ്റ്റോപ്പ് മെമ്മോയും നിലവിലുള്ള പൊഴിയൂർ പോലീസ് സ്റ്റേഷൻ പരിധിയിലെ കാരോട് വില്ലേജിലെ സർവ്വേ നമ്പർ നം. 268 ൽ 10 (റീസർവ്വേ നം. 261 ൽ 26) ലെ അനധികൃത നിർമ്മാണവുമായി ബന്ധപ്പെട്ട് 2020 ജൂൺ മുതൽ നാളിതുവരെ ഏതൊക്കെ തീയതികളിലായി എത്ര പരാതികൾ ലഭിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ; | (എ) | പൊഴിയൂർ പോലീസ് സ്റ്റേഷനിൽ പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് 01/06/2020, 05/06/2020, 21/03/2021, 13/07/2021, 14/07/2021, 26/10/2021, 06/03/2022, 08/04/2022, 29/04/2022, 01/11/2022 എന്നി തീയതികളിലായി 10 പരാതികൾ ലഭിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത ഓരോ പരാതിയിന്മേലും സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ; | (ബി) | പ്രസ്തുത തീയതികളിൽ ലഭിച്ച പരാതികളിൽ, സിവിൽ സംബന്ധമായ വിഷയമായതിനാലും ഇതിലേക്ക് വിവിധ കോടതികളിൽ കേസുകൾ നിലവിലുള്ളതിനാലും ബഹു.കോടതികളുടെ തീരുമാനം വരുന്നതുവരെ തർക്കസ്ഥലത്ത് നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുവാൻ പാടില്ലാ എന്നും ബഹു. കോടതി ഉത്തരവ് അനുസരിച്ച് പ്രവർത്തിക്കുവാനും പരാതികക്ഷികൾക്ക് നിർദ്ദേശങ്ങൾ നൽകി പരാതി തീർപ്പാക്കിയിട്ടുണ്ട്. എന്നാൽ കൊച്ചുകുഞ്ഞൻ നാടാർ മകൻ അഗസ്ത്യൻ എന്നയാൾ തർക്കം നിലനിൽക്കുന്ന വസ്തുവിൽ (സർവ്വേ നമ്പർ 268/10,റീസർവ്വേ നമ്പർ 261/26) 2020 ജൂൺ മാസത്തിനു ശേഷം പ്രസ്തുത സ്ഥലത്ത് ബഹു. കോടതി ഉത്തരവ് ലംഘിച്ച് അനധികൃത നിർമ്മാണം നടക്കുന്നതായി സ്റ്റേഷനിൽ ഹാജരായി മൊഴി നൽകിയതിന്റെ അടിസ്ഥാനത്തിൽ പൊഴിയൂൽ പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 351/2022 u/s 143, 147, 149, 447, 188 IPC ആയി കേസ് രജിസ്റ്റർ ചെയ്തിരുന്നു. പ്രസ്തുത കേസന്വേഷണത്തിൽ u/s 143, 147, 149 IPC പ്രകാരമുള്ള കുറ്റകൃത്യം നടന്നിട്ടില്ല എന്ന് ബോധ്യപ്പെട്ടതിനാൽ പ്രസ്തുത വകുപ്പുകൾ ഒഴിവാക്കി u/s 34 IPC കൂട്ടുതലായി ചേർത്ത് റിപ്പോർട്ട് ബഹു. കോടതിക്ക് സമർപ്പിച്ചിട്ടുള്ളതും തുടർന്ന് നടത്തിയ |

| | | | |
|---|---|---|---|
| | | | അന്വേഷണത്തിൽ കുറ്റകൃത്യത്തിൽ പങ്കുള്ളതായി കണ്ടെത്തിയ1)ഭാഗ്യനാഥൻ നാടാർ 2) പ്രതീഷ് 3) ക്രിസ്റ്റഫർ 4) സോമരാജ് എന്നിവരെ പ്രതികളാക്കി കേസ് അന്വേഷണം പൂർത്തിയാക്കി ബഹു. പാറശ്ശാല ഗ്രാമ ന്യായാലയ മുമ്പാകെ 29./04/2022 തീയതി കുറ്റപത്രം സമർപ്പിച്ചിട്ടുണ്ട്. |
| (സി) | പ്രസ്തുത പരാതികളുമായി ബന്ധപ്പെട്ട് അനധികൃത നിർമ്മാണം സംബന്ധിച്ച സാക്ഷിമൊഴികൾ പോലീസ് ശേഖരിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ; അവയിന്മേൽ എന്ത് തുടർനടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ? | (സി) | (ബി) യിൽ ചേർത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ